LIBRARY ARCHIVES Kerala Legislative Assembly

ജനനീ ജനരക്ഷ പദ്ധതി

218(2421) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനനീ-ജനരക്ഷ പദ്ധതിയിലൂടെ നാളിതുവരെ എത്ര ആദിവാസി അമ്മമാർക്ക സഹായം നൽകി എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ ആദിവാസി അമ്മമാർക്ക് മണി ഓർഡർ ആയി അയച്ച ധനസഹായം കൈപ്പറ്റാതെ മടങ്ങിവന്നതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇങ്ങനെ മടങ്ങിവന്ന തുകകൾ ബന്ധപ്പെട്ട ചില ഉദ്യോഗസ്ഥർ കൈപ്പറ്റിയതു സംബന്ധിച്ച പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതി സംബന്ധിച്ച് ആഡിറ്റ് നടത്തുന്നത് സർക്കാരിന്റെ ഏത് ഏജൻസിയാണ്;

(ഇ) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ആരംഭിച്ചതിനുശേഷം നാളിതുവരെയുള്ള ആഡിറ്റ് റിപ്പോർട്ട് ലഭ്യമാക്കുമോ?

ഉത്തരം

(എ) 11850 പേർക്ക്.

(ബി&സി) ചില സാങ്കേതിക തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടത് പരിശോധിച്ച് പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

(ഡി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കണക്ക് പരിശോധന അക്കൗണ്ടന്റ് ജനറൽ മുഖേനയാണ് നടത്തി വരുന്നത്.

(ഇ) ടി പദ്ധതി സംബന്ധിച്ച് ഇതുവരെയും ആഡിറ്റ് നടത്തിയിട്ടില്ല.

ജനനീ ജന്മരക്ഷ പദ്ധതി

219 (*T2422) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനനീ-ജന്മരക്ഷ പദ്ധതിയിൽ ക്രമക്കേടുകൾ നടന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് വകുപ്പുതലത്തിൽ പരിശോധിച്ച് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പദ്ധതി നടത്തിപ്പിനായി വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായും അനുവദിച്ചിട്ടുണ്ട്.

ഗോത്ര സാരഥി പദ്ധതി

220(2423) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾവനത്തിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട യാത്രയൊരുക്കുന്നതിനുള്ള ഗോത്ര സാരഥി പദ്ധതി ലക്ഷ്യമിട്ട തരത്തിൽ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ഈ ആവശ്യത്തിലേക്കായി എത്ര രൂപ വകയിരുത്തിയെന്നും എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പൊതു ഗതാഗത സൗകര്യമില്ലാത്തതും വിദൂരവും ദുർഘടം നിറഞ്ഞതുമായ പ്രദേശങ്ങളിൽനിന്നും സ്കൂളിൽ പഠനത്തിനായി എത്തിച്ചേരുന്നതിന് മെച്ചപ്പെട്ട സാഹചര്യമൊരുക്കുന്നതിനും, അതുവഴി അവർക്ക് സ്കൂളിൽ പോകുന്നതിനുള്ള താല്പര്യം വർദ്ധിപ്പിക്കുന്നതിനും, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് ഗണ്യമായി കുറയ്ക്കുന്നതിനും ഗോത്രസാരഥി പദ്ധതിയിലൂടെ സാദ്ധ്യമായിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ഗോത്ര സാരഥി പദ്ധതിക്ക് അനുവദിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

വർഷം	അനുവദിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക
2013-14	305	3,03,23,847
2014-15	400	4,00,00,000
2015-16	450	3,33,39,000 (up to 30-11-2015)
ആകെ	1155	10,36,62,847

LIBRARY ARCHIVES Kerala Legislative Assembly